ശ്രീ. എ. വി. താമരാക്ഷൻ: ഒരു വർഷത്തിൽ കുറഞ്ഞത് 120 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ള വനിതാ വാർഡർമാരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി: സ്ഥിരമാക്കുന്നതിനെപ്പറ്റിയുള്ള പ്രായോഗിക ബുദ്ധിമുട്ടുകളാണ് ഞാൻ പറഞ്ഞത്. ഒരു വർഷത്തിൽ മുഴുവൻ ദിവസവും ജോലിയില്ല. വല്ലപ്പോഴുമേ സ്ത്രീ തടവുകാർ വരികയുള്ളൂ സബ്ജയിലിൽ. അതിനുവേണ്ടി മുമ്പേതന്നെ സ്ഥിരമായി കുറെ ആളുകളെ അപ്പോയിന്റു ചെയ്തു വയ്ക്കണമോ വേണ്ടയോ എന്നത് ഒരു നയപരമായ പ്രശ്നമാണ്. ഗവൺമെന്റ് അതിനെക്കുറിച്ചു പരിശോധിക്കാം. ഇപ്പോഴുള്ള ഏർപ്പാട് ദിവസ ശമ്പളത്തിനാണ് ആളുകളെ എടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: വനിതാ വാർഡർമാരെ നിയമിക്കുമ്പോൾ അവർക്കു വച്ചിരിക്കുന്ന അടിസ്ഥാനപരമായ യോഗ്യതകൾ എന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി: അടിസ്ഥാനപരമായ യോഗ്യതകൾ എന്നു പറയുന്നത് ജയിലിൽ കിടക്കുന്ന സ്ത്രീ തടവുകാരെ കുളിപ്പിക്കുക, അവരെ വെളിയിൽ കൊണ്ടുപോവുക, തിരിച്ചുകൊണ്ടുവരുക, ആഹാരം കൊടുക്കുക മുതലായവ ചെയ്യണം. പിന്നെ ഭേദ്യമായ പെരുമാറ്റം, സ്വഭാവശുദ്ധി, ജോലി ചെയ്യുന്നതിനുള്ള കഴിവ് ഇങ്ങനെയുള്ളവരെ നോക്കി തിരഞ്ഞെടുക്കും.

ശ്രീ. പി. സി. ജോസഫ്; പലപ്പോഴും സ്ഥിരമായി തടവുകാർ ഇല്ലാത്തതുകൊണ്ടാണ് സ്ഥിരമായി ജോലിക്കാരെ വയ്ക്കാൻ ബുദ്ധിമുട്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ സംസ്ഥാനതലത്തിൽ സ്ഥിരമായി ഏതാനും വാർഡർമാരെ എടുക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ആവശ്യമുള്ള സമയത്ത് അവരെ നിയോഗിക്കുകയും ചെയ്യുന്നതിന് ദയവുണ്ടാകുമോ ?

ശ്രീ. കെ. എം. മണി: ഈ കാര്യങ്ങൾ പരിശോധിക്കുവരുന്നതാണ്. എന്തായാലും ഈ കാര്യങ്ങളെ സംബന്ധിച്ച് ലേബർ ഡിപ്പാർട്ടുമെന്റുമായി കറസ്പോണ്ടൻസിൽ ഇരിക്കുകയാണ്. അങ്ങനെ ഒരു ഫയൽ ഉണ്ട്, അതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. ഇപ്പോഴത്തെ നിലപാടാണ് ഞാൻ പറഞ്ഞത്.

Linguistic minorities in various High Level Committees

*730 [794] **Shri M. Ramappa**: Will the Chief Minister be pleased to state:

(a) whether there is any Committee at least at the District level, like the R. T. A. were lingustic minorities are given representation as per Government order;

(b) if so which are they and who are the representatives?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (**Shri P. K. Vasudevan Nair**):

(a & b) Information received so far shows that in the State Level Advisory Committee on Rationing and Allied matters Linguistic Minorities have been given representation. Shri N. Ganapathy, Ex. M. L. A. is the Representative. Information in respect of other Departments is being collected.

Shri M. Ramappa: Sir, In Government Memo 21085/NI/67/PD dated 18–5–1967, the Government had directed all heads of departments and departmental Secretaries to see that the linguistic minorities are given adequate representation in the various committees. Will the Government advise those heads of departments to see that the linguistic minorities are given representation in such committees ?

Shri P. K. Vasudevan Nair: It is true that the Government has issued a circular first in May 1967 and even as late as 22–6–1978, Government have reiterated its decision and asked the departmental heads and also District Collectors to give representation to linguistic minorities. But it is not a blanket order. They were asked to give this representation on merits. But I agree that there is no sufficient representation in many committees. This will be examined by Government and remedial measures will be taken.

Sri M. Ramappa: Kannada linguistic minorities are concentrated in the backward areas of Kasaragode Taluk. It will be a representation not only to the linguistic minorities but also to the backward area also Under these circumstances will the Government take special interests in this regard?

Shri P. K. Vasudevan Nair: This question of giving representation to the Kannada minority in that area will definitely be looked into.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഗവൺമെന്റ് ഇക്കാര്യത്തിൽ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന്. ഭാഷാന്യൂനപക്ഷങ്ങൾക്ക് അംഗീകാരം കൊടുക്കുന്നതിനും അവർക്ക് റെപ്രസെന്റേഷൻ കൊടുക്കുന്നതിനും ആണ് ഗവൺമെന്റിന്റെ ബോർഡുകളും കമ്മിറ്റികളും സ്റ്റാറ്റ്യൂട്ടറി ബോഡികളുമൊക്കെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുന്നത്. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ കളക്ടർക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ഗവൺമെന്റാണ് ചെയ്യേണ്ടത്. അപ്പോൾ ഗവൺമെന്റ് രൂപീകരിക്കുന്ന കമ്മിറ്റിയിൽ ഒരു നിശ്ചിത ശതമാനം അവർക്ക് കൊടുക്കേണ്ടതല്ലേ ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതു നിശ്ചയമായും ഗവൺമെന്റ് ചെയ്യേണ്ടതാണ്. അതിനുംപുറമേ ജില്ലകളിലും ഡിപ്പാർട്ടുമെന്റ് മേലധികാരികളുടെ അധികാര പരിധിയിൽപെട്ട കമ്മിറ്റികളിൽ ഒഴിവുള്ളപ്പോഴെല്ലാം മെറിറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കണമെന്ന് ഒരു സർക്കുലറുണ്ട്. അതിനുംപുറമേ ഗവൺമെന്റ് എന്ന നിലക്ക് ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: സ്റ്റേറ്റ് ലവൽ ലിങ്കേജ് കമ്മിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്. അതുകൊണ്ട് ആ കമ്മിറ്റി അടിയന്തിരമായി വിളിച്ചുകൂട്ടി ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സൗകര്യം ഉണ്ടാക്കുമോ ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അത് ആലോചിക്കാവുന്നതാണ്.

Shri Steephen Padua: Will Government consider the question of giving representation to the Anglo Indian Community in the various district committees ?

Shri P. K. Vasudevan Nair: Government cannot take a blanket decision to give representation to them in all committees. In the circular itself, it was mentioned that they should be examined on merits as far as possible.

ശ്രീ സേവ്യർ അറയ്ക്കൽ: ഏതെല്ലാം ലിങ്കേജ് മൈനോറിട്ടീസിനെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കർണ്ണാടകവും, തമിഴും.

നക്സലൈറ്റ് കേസുകൾ

*731 [795] ശ്രീ. വി. ഈച്ചരൻ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, കെ. രാഘവൻ മാസ്റ്റർ:
,, പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതുവരെ ചാർജ്ജു ചെയ്ത എത്ര നക്സലൈറ്റ് കേസുകളിൽ കോടതികൾ പ്രതികളെ ശിക്ഷിക്കാതെ വിടുകയുണ്ടായിട്ടുണ്ട്;

(ബി) ഇപ്രകാരം കേസുകൾ ശിക്ഷിക്കാതെ വിട്ടത് തെളിവില്ലാത്തതുകൊണ്ടാണോ, അതോ സാങ്കേതിക കാരണങ്ങൾ കൊണ്ടാണോ;

(സി) കുമ്പളം നക്സൽ കേസിൽ പ്രതികളെ ശിക്ഷിക്കാതെ വിട്ടത് എന്ത് അടിസ്ഥാനത്തിലാണ്;

(ഡി) ഈ കേസുകളിൽ ഇൻവെസ്റ്റിഗേഷനും ട്രയലിനുമായി സംസ്ഥാന ഗവൺമെന്റിന് എത്ര സംഖ്യ ചെലവായിട്ടുണ്ട് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 47.

(ബി) കോടതികൾ ശിക്ഷിക്കാതെ വിട്ട കേസുകളിൽ ഒരെണ്ണം സാങ്കേതിക കാരണങ്ങളാലും ബാക്കിയെല്ലാം മതിയായ തെളിവില്ല എന്ന കാരണത്താലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly